പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1801**

18.06.2012 ൽ മറുപടിയ്ക്ക്

## കുറ്റിത്തെരുവിൽ കെട്ടിടനിർമ്മാണ തൊഴിലാളികളെ മർദ്ദിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കായംകുളത്ത് കുറ്റിത്തെരുവിൽ കെട്ടിടനിർമ്മാണ ജോലികളിൽ ഏർപ്പെട്ടിരുന്ന ബംഗാളി തൊഴിലാളികളെ സംഘം ചേർന്ന് മർദ്ദിച്ച സംഭവത്തിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; | (എ) | എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ബി) | ഈ കേസിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ? | (ബി) | കായംകുളം പോലീസ് സ്റ്റേഷനിൽ Cr.No.1100/ 2011 U/s 143, 147, 148, 149, 114, 447, 427, 323, 324, 326, 307 IPC പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതും ആകെയുള്ള 20 പ്രതികളിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും, 2 പേർ കോടതിയിൽ കീഴടങ്ങിയിട്ടുള്ളതുമാണ്. പ്രതികളിൽ 5,6,7,8 എന്നീ പ്രതികളെ 26.09.2011 തീയതിയും, 9-ാം പ്രതിയെ 27.09.2011 തീയതിയും, 1-ാം പ്രതിയെ 29.09.2011 തീയതിയും അറസ്റ്റ് ചെയ്ത് കായംകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും, ടിയാളുകളെ റിമാന്റനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചു വന്നിരുന്നതും ഇപ്പോൾ ജാമ്യത്തിൽ കഴിഞ്ഞു വരുന്നതുമാണ്.<br>കേസ്സിലെ 2,3 പ്രതികൾക്ക് ബഹു. ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചിട്ടുള്ളതാണ്. കേസ്സിന്റെ അന്വേഷണം തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ